പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3481 — 16.12.2015 - ൽ മറുപടിയ്ക്ക്

**മുതിർന്ന പൗരൻമാർ നേരിടുന്ന പ്രശ്നങ്ങൾ**

ചോദ്യം — ഉത്തരം

ശ്രീ. എം. ചന്ദ്രൻ — ഡോ. എം.കെ. മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മുതിർന്ന പൗരൻമാർ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് സർക്കാർ തലത്തിൽ പഠനം നടത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) | പഠനം നടത്തിയിട്ടുണ്ട്. സാമൂഹ്യനീതി വകുപ്പിനുവേണ്ടി ഡിപ്പാർട്ട്മെന്റ് ഓഫ് കമ്മ്യൂണിറ്റി മെഡിസിൻ & സൈക്ക്യാട്രി വിഭാഗം ഒരു ക്വാളിറ്റേറ്റീവ് സ്റ്റഡി 2012-13 (Needs and Services for the Elderly in Kerala) നടത്തിയിട്ടുണ്ട്. കൂടാതെ Centre for Development Studies – ഒരു Quantitative Study യും (Situation of Elderly in Kerala Evidences from Kerala Ageing Survey 2014) നടത്തിയിട്ടുണ്ട് |
| (ബി) | ഇവരുടെ സംരക്ഷണത്തിനാവശ്യമായ നിയമ നിർമ്മാണങ്ങൾ നിലവിലുണ്ടോ ; വ്യക്തമാക്കുമോ ; | (ബി) | മുതിർന്ന പൗരന്മാരുടെ സംരക്ഷണത്തിനായി നിയമനിർമ്മാണം നടത്തിയിട്ടുണ്ട്. കേന്ദ്ര നിയമം Maintenance and Welfare of Parents and Senior Citizen Act 2007 അനുസരിച്ച് സംസ്ഥാനത്ത് Kerala Maintenance and Welfare of Parents and Senior Citizen Rules 2009 രൂപീകരിച്ചിട്ടുണ്ട് |
| (സി) | ഇവരുടെ സംരക്ഷണത്തിനും ക്ഷേമത്തിനുമായുള്ള സർക്കാരിന്റെ നയം വ്യക്തമാക്കുമോ ? | (സി) | മുതിർന്നവരെ ശാക്തീകരിച്ച് സമൂഹത്തിൽ സജീവമായ അഥവാ ഫലവത്തും സാർത്ഥകവുമായ പങ്ക് വഹിക്കാൻ പ്രാപ്തരാക്കുന്നതിലൂടെ വ്യത്യസ്ത പ്രായത്തിലുള്ള വിഭാഗങ്ങളുമായി സ്വയം ഇണങ്ങിച്ചേരാൻ സഹായിക്കുക എന്ന ദൗത്യത്തോടെ മുതിർന്ന പൗരന്മാർക്ക് വേണ്ടിയുള്ള സംസ്ഥാന നയം 2013 രൂപീകരിച്ച് ആയതിലെ കർമ്മ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ